DESPATCHED
On.22/11/21.
26/11/21


സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in


**ഹർജി നമ്പർ AP.No.2185(4)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.15685/SIC-Gen 2/2019**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാജേന്ദ്രൻ .കെ,
നടുപറമ്പിൽ,
ഇളംകാട് പി.ഒ.,
കോട്ടയം – 686 514.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ ജിയോളജിസ്റ്റ്,
ഖനന ഭൂവിജ്ഞാന വകുപ്പ്,
ജില്ലാ ഓഫീസ്,
കോട്ടയം – 686 002.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ,
മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,
കേശവദാസപുരം, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം – 695 004.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03.06.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20.08.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.08.2019 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 22.09.2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 30.09.2019 |

# ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 26.08.2021ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 03.06.2019ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതിനുള്ള വിശദീകരണം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കണം എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

2. ആയതു 25.10.2021ൽ ഒന്നാം എതിർകക്ഷി തയ്യാറാക്കിയ മറുപടിയിൽ 01.11.2021ൽ കമ്മീഷന് ലഭിച്ചു. അപേക്ഷയിൽ പ്രിന്റ് ചെയ്തിരിക്കുന്ന ഭാഗത്തിന് മറുപടി നൽകിയിട്ടുണ്ട് എന്നും, അപേക്ഷയുടെ ഒടുവിൽ എഴുതിച്ചേർത്തിരുന്ന ഭാഗം ശ്രദ്ധിക്കാതിരുന്നത് മനഃപൂർവ്വം ഉണ്ടായ പ്രവർത്തിയല്ല എന്ന് കണക്കാക്കാൻ അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്നുമാണ് ടി വിശദീകരണത്തിൽ പറഞ്ഞിട്ടുള്ളത്.

3. മലയാളം അറിയാവുന്നവർക്ക് ആർക്കും മനസ്സിലാക്കാൻ കഴിയാത്ത വണ്ണമാണ് ഒന്നാം എതിർകക്ഷി കമ്മീഷന് വിശദീകരണം നൽകിയിട്ടുള്ളത്.

ഇതു കമ്മീഷൻ ഗൗരവപൂർവ്വം കാണുകയാണ്. വളരെ ലളിതമായ ഈ കാര്യത്തിന് മാത്രമാണ് കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നത്. 03.06.2019ലെ വിവരാവകാശ അപേക്ഷയ്ക്ക് അന്നത്തെ എസ്.പി.ഐ.ഒ. മറുപടി നൽകാതിരുന്നതിനുള്ള വിശദീകരണമാണ് ടിയാൻ നൽകേണ്ടിയിരുന്നത്. ഇതിനു സാധാരണ ഗതിയിൽ ചെയ്യേണ്ടത് അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിൽ, നൽകിയെന്നും അതു എങ്ങനെയാണെന്ന് പറയുകയും, ടി മറുപടിയുടെ പകർപ്പ് കമ്മീഷന് ലഭ്യമാക്കുകയുമാണ് വേണ്ടിയിരുന്നത്. യഥാസമയം മറുപടി നൽകിയില്ലെങ്കിൽ, എന്തുകൊണ്ട് അതു നൽകിയില്ല എന്നുമാണ് പറയേണ്ടിയിരുന്നത്. അതിന് ഒന്നാം എതിർകക്ഷി ചില സർ റിയലിസ്റ്റ് കഥകളിൽ ഒക്കെ പറയുന്നതുപോലെയാണ് വിശദീകരണം നൽകിയിരുന്നത്. ഇതിൽ ഒന്നാം എതിർകക്ഷി എന്താണ് ഉദ്ദേശിക്കുന്നത് എന്നു മനസ്സിലാക്കണമെങ്കിൽ ഭാഷാ പണ്ഡിതനായ ഡോ. V.R. പ്രബോധ ചന്ദ്രൻ നായരെ പോലുള്ള ആളുകളുടെ സഹായം തേടേണ്ടി വരും.

4. ഒരു കാര്യം ഒന്നാം എതിർകക്ഷിയെ ഓർമ്മിപ്പിക്കുന്നു. ഇങ്ങനെയല്ല മറുപടി നൽകേണ്ടത്. കമ്മീഷന് മാത്രമല്ല, ആർക്കും ഇത്തരത്തിലുള്ള മറുപടി നൽകി ആളുകളെ വിഷമിപ്പിക്കരുത്. അതുകൊണ്ട് വേണ്ടത്ര ഉത്തരവാദിത്വമില്ലാതെ മറുപടി നൽകിയതിന് നിലവിലെ എസ്.പി.ഐ.ഒ.യായ ഒന്നാം എതിർകക്ഷിയേയും, മറുപടി നൽകാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യേയും വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ഇരുവരും മടക്കതപാലിൽ തന്നെ കമ്മീഷന് മറുപടി ലഭ്യമാക്കേണ്ടതാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. സ്ഥലം മാറിപ്പോവുകയോ, സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടിയാനിൽ നിന്ന് വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല എസ്.പി.ഐ.ഒ.യ്ക്കായിരിക്കും എന്ന് കമ്മീഷൻ ഓർമ്മിപ്പിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരം വിശദീകരണം ലഭിക്കാത്ത പക്ഷം കമ്മീഷൻ തുടർ ശിക്ഷാ നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും.

5. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2021 നവംബർ മാസം 26-ാം തീയതി കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

gk.